S.H.(2) 34015/14.

കൃഷിഡയറക്ടറാഫീസ്
തിരുവനന്തപുരം
തീയതി: 22..08..14.

## സർക്കുലർ.

വിഷയം-കൃഷി ജീവനക്കാര്യം - തസ്തികമാറ്റം വഴി സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് II ലേയ്ക്കുള്ള നിയമനം വിശദാംശങ്ങൾ സഹിതം അപേക്ഷകൾ ക്ഷണിക്കുന്നു.

സൂചന: 19..12..12 ലെ സർക്കാർ ഉത്തരവ്(എം.എസ്) നം. 285/12/എ.ഡി.

കൃഷി വകുപ്പിൽ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ വിവിധ ലാബുകളിലായി നിലവിലുള്ള 5 ഒഴിവുകളിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം നടത്തുന്നതിന് സൂചനയിലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അർഹരായ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖാന്തിരം താഴെ പറയുന്ന വിശദാംശങ്ങൾ സഹിതം 2014 സെപ്റ്റംബർ 30 ന് മുൻപായി ഈ ഓഫീസിൽ ലഭിക്കത്തക്കവിധം അയച്ചു തരുവാൻ നിർദേശിക്കുന്നു.

1.പേരും ഇപ്പോഴത്തെ ഓഫീസും.
2.ജനനതീയതി
3.വിദ്യാഭ്യാസയോഗ്യത.
4.ഇപ്പോൾ ജോലി നോക്കുന്ന തസ്തികയും ജോലിയിൽ പ്രവേശിച്ച തീയതിയും.
5.ടി തസ്തികയിൽ പ്രൊബേഷൻ പ്രഖ്യാപിച്ച തീയതി, ഉത്തരവ് നമ്പർ, പകർപ്പ് സഹിതം.
6.സംസ്ഥാനത്ത് എവിടേയും ജോലി ചെയ്യാമെന്ന സമ്മതപത്രം.
7.നിയന്ത്രണോദ്യോഗസ്ഥന്റെ അഭിപ്രായക്കുറിപ്പുകൾ.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും ചീഫ് സോയിൽ കെമിസ്റ്റിനും (സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവ് വിവരം /എന്നുമുതൽ/ ഒഴിവുണ്ടാകാനുള്ള സാഹചര്യം എന്നിവ അറിയിക്കേണ്ടതാണ്. കൂടാതെ താങ്കളുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസുകളിലും സർക്കുലർ നൽകേണ്ടതാണ്.
കൃഷി ഡയറക്ടറുടെ കീഴിലുള്ള എല്ലാ ഓഫീസുകളിലും
കൃഷി ഡയറക്ടറേറ്റിലെ എല്ലാ സെക്ഷനുകൾക്കും.
കൃഷി ഡെപ്യൂട്ടി ഡയറക്ടർ ഐറ്റിസെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
സ്റ്റോക്ക് ഫയൽ./സ്പെയർ.

Jayalekshmi
കൃഷിഡയറക്ടർക്കുവേണ്ടി. Jr. Superintendent
Vikas Bhavan

എസ്.ജെ.22.08.14.